
little KITEs

# തണൽ

## ഡിജിറ്റൽ മാഗസിൻ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS






# തണൽ

## ഡിജിറ്റൽ മാഗസിൻ


സെൻറ്. പീറ്റേഴ്സ്.എച്ച്.എസ്.എസ്.കുമ്പളങ്ങി
ഒരു ലിറ്റിൽ കൈറ്റ്സ്
സംരഭം

## ഉള്ളടക്കം

കുത്ത്.......... 7
ഒരു മഴക്കാല ഓർമ്മകൾ.......... 8
കണ്ണീർത്തുള്ളി.......... 11
മഴചൊല്ലുകൾ.......... 12
കുഞ്ഞുണ്ണി മാഷിൻെറ ചില ചിന്താവിഷയങ്ങൾ.......... 13
മോഹിനിയാട്ടം.......... 15
മഴമുകിലേ, വരൂ.......... 16
ഉറുമ്പ്.......... 17
ആദ്യത്തെ പത്തുപേര്.......... 18
വൈക്കം മുഹമ്മദ് ബഷീർ.......... 19
ചെണ്ട.......... 20
വീണ.......... 21
തോരാതെ പെയ്യുന്ന മഴ.......... 22
മഞ്ഞ് മൂടിയ നിലവ്.......... 23
പൂവിന്റെ ഇതള്.......... 24
മഴ.......... 25
അടൂർ ഗോപലകൃഷ്ണ്ൻ.......... 26
മഴകവിതകൾ.......... 28
മുറ്റത്തെ ചെപ്പ്.......... 29
പേരെന്ത് ?.......... 30
മലയാളത്തിലെ പ്രസിദ്ധമായ ആത്മകഥൾ.......... 31
പടയണിയിലെ കോലങ്ങൾ.......... 32
മറുതക്കോലം.......... 32
മാടൻകോലം.......... 33

കാലൻകോലം.....................................................33
ഭൈരവിക്കോലം...................................................34
കേരളത്തിലെ അനുഷ്ഠാന...........................................35
നാടകങ്ങൾ.......................................................35
വിശപ്പ് .........................................................36
ജി.ശങ്കരക്കുറിപ്പ്................................................37
നാരായൻ........................................................38
കൊമ്പനാന.......................................................39
പയർ ചെടിയും റൈസോബിയവും......................................40
അപ്പുണ്ണി.........................................................42
-അഞ്ചിത എൻ.ആർ................................................42
മണ്ണ്..............................................................43
കേരളം...........................................................44
നിത്യചൈതന്യയതി (1924-1999)....................................45
തുടിതാളം തേടി...................................................46
ഉണർവിൻ പാതയിൽ................................................47
മഴ...............................................................48

# സന്ദേശം



സെന്റ് പീറ്റേഴ്സ് ഹയർസെക്കന്ററി സ്കൂൾ കുമ്പങ്ങി 2019-20 അദ്ധ്യായന വർഷത്തിൽ 'തണൽ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാസികപ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

പാഠ്യ-പഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാസാഹിത്യസൃഷ്ടികൾ കാശിപ്പിക്കുന്നതിനും സ്മ് രണിക വേദി ഒരുക്കുമെന്ന് പ്രതിക്ഷിക്കുന്നു

സി.രവിന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

ജോൺ ജൂഡ് ഇ.വി
ഹെഡ് മാസ്റ്റ് ർ സെന്റ് പീറ്റേഴ്സ് ഹയർസെക്കന്ററി സ്കൂൾ കുമ്പങ്ങി

# കൂത്ത്

കേരളത്തിലെ ഒരു ദൃശ്യകലാരൂപം. ചാക്യൻമാരാണ് കൂത്ത് അവതരിപ്പിക്കുന്നത് .പ്രബന്ധം,ചമ്പു വിഭാഗത്തിൽപ്പെട്ട കൃതികളിലെ ഫലിതപ്രധാനമായ രംഗങ്ങൾ രസകരമായി



രംഗത്തവതരിപിക്കുന്ന ഈ കലാരൂപത്തിൽ ഒരു കലാകാരൻ മാത്രമേ രംഗത്ത് പ്രത്യക്ഷപ്പെടു .മിഴാവ്,കുഴിത്താളം,ഇടയ്ക്ക,കുഴൽ,ശംഖ് എന്നീ വാദ്യങ്ങളാണ് ഈ കലാരൂപത്തിന് പശ്ചാത്തലത്തമായിട്ടുണ്ടാവുക.

-അലന്യ ബി. ജോൺ

# ഒരു മഴക്കാല ഓർമ്മകൾ

പുറത്തു നല്ല മഴയാണ്...തണുപ്പുള്ളതുകൊണ്ട് പുറത്തേക്കിറങ്ങാൻ വയ്യ. ഇറയത്തുവെച്ച പാത്രത്തിൽ മഴത്തുള്ളികൾ താളം പിടിയ്ക്കുന്നത് കണ്ടാസ്വദിച്ച എന്റെ കുട്ടിക്കാലം ഇപ്പോഴെനിക്ക് വിദൂരമാണ്. തിണ്ണയിലിരുന്ന് ഇറയത്തിറ്റുന്ന വെള്ളം തട്ടിത്തെറിപ്പിച്ച് കോലായി നനച്ചതിന് അമ്മയെത്ര വഴക്കുപറഞ്ഞിരിക്കുന്നു. ഒരു കടലാസുതോണി യിറക്കാൻ അമ്മയുടെ കണ്ണുവെട്ടിച്ച് മുറ്റത്തിറങ്ങിയിട്ട് വഴുക്കലിച്ച് വീണത് അനുസരണ ക്കേടുകൊണ്ടായിരുന്നത്രെ. അന്നൊരു ദിവസം സ്കൂളിലേക്ക് പോകാൻ രണ്ട് വഴികളുണ്ട്കനാൽക്കരയിലൂടെയും വയലിലൂടെയു പോകാം. മഴ ചോർന്ന് കഴിഞ്ഞിട്ടാണ് ഞങ്ങൾ സ്കൂളിൽ നിന്നും ഇറങ്ങിയത്. മഴപെയ്തതുകൊണ്ട് വയലിൽ വെള്ളം കയറിയിട്ടുണ്ടാവും അപ്പോൾ തന്നെ മണി അഞ്ച് കഴിഞ്ഞിരുന്നു. സ്കൂളിലേക്ക്

പോകുന്നതും വരുന്നതും ഞങ്ങൾ ഒരു ഗ്യാങ്ങാണ്.കുണ്ടുകൾകാണുമ്പോൾ അതിലേക്കു ചാടും. അപ്പോൾ വെള്ളം നാലുദിക്കിലേക്കും തെറിക്കും. ഉടുത്ത ഉടുപ്പിലും മുഖത്തുമൊക്കെ ചെളി തെറിക്കുന്നതിൽ എനിക്കിന്നത്തെ പോലെ അന്ന് ഒട്ടും ആഷങ്ക ഉണ്ടായിരുന്നില്ല. ഓടിക്കിതയ്ക്കുമ്പോൾ അല്പ സമയം പുറകിൽ നടന്നുവരുന്നവരെയും കാത്ത് പാലത്തിലോ മറ്റും ഇരിക്കും. അങ്ങനെ അടിയും പടിയും ആറരകഴിഞ്ഞിരുന്നു. സന്ധ്യആയതും ബങ്കുവിളിച്ചതുമൊന്നും ഞങ്ങളറിഞ്ഞതേയില്ല. വീട്ടിലേക്ക് കയറുമ്പോൾവള്ളിതണ്ടുമായി ഉറഞ്ഞുതുള്ളിയങ്ങനെ ന്ൽക്കുകയായിരുന്നു അമ്മ. ഞങ്ങളെയും നോക്കിയിറങ്ങിയ അമ്മയോട് കനാലിൽ കളിച്ചുകൊണ്ട് വരുന്നുണ്ടെന്ന്പറഞ്ഞുകൊടുത്തത് നമ്പൂരിവീട്ടിലെ ചേട്ടനാണ് അശരിപ്പെടുത്തിവെച്ചതാണ് അമ്മ ആ

വള്ളിത്തണ്ട്. കോണി കയറി മുറ്റത്തെത്തിയതും കിട്ടി ശടപടേന്ന് പവട കയറ്റി നനഞ്ഞ തുടയിൽ വള്ളിതണ്ട് കൊണ്ട് അടിച്ചപ്പോൾ നല്ല നീറ്റലുണ്ടായിരുന്നു.അന്നാവേദനയിൽ അമ്മയ്ക്ക് കൊടുത്ത വക്കാണ് ഇനിയൊരിക്കലും വൈകി വരില്ലെന്ന്.പക്ഷെ മാസങ്ങൾ മാറിവന്നപ്പോൾ ഞാൻ പിന്നെയും മഴയിൽ നനഞ്ഞിട്ടുണ്ട് ചെളിവെള്ളത്തിൽ ചടിയിട്ടുണ്ട് കടലാസു തോണിയിറക്കിയിട്ടുമുണ്ട് അപ്പോഴൊക്കെ അമ്മയുടെ കൈയീന്ന് കണക്കിന് കിട്ടിയിട്ടുമുണ്ട്. പക്ഷെ ഒരിക്കലും വീട്ടിലെത്താൻ വൈകിയിട്ടില്ല.

അഭിരാമി കെ രാജ്

# കണ്ണീർത്തുള്ളി



ഒരു തുള്ളി ജലത്തിന് വേണ്ടി-
യലയുന്ന കാലം വരുന്നറിഞ്ഞോരെ
നമ്മുടെസമൃദ്ധമാകാലത്തിലോർ-
ക്കുന്നപാപങ്ങൾനമ്മുടെഹൃദ്യതിഞ്ഞെ-
രമ്പുകളേമുറുക്കീടുന്നു.
മലിനമാകീടയാ
ജീവൻറെ പ്രവാഹത്തെ കാലൻതൻ-
വർണത്തേ സമാനിപിതു നമ്മുടെ
പ്രവർത്തികൾ കാരണമാം.
ഓരോ കരങ്ങളാൽ കോരുവിൻ
ജലമെങ്കിൽ മനസ്സിൻറെ വേലികൊണ്ട
സംരക്ഷിക്കു....

ആദിത്ത് കൃഷ്ണ

# മഴചൊല്ലുകൾ



1. കർക്കിടകം കഴിഞ്ഞാൽ ദുർഘടം കഴിക്കണെ.
2. കർക്കിടകത്തിൽ പത്തില കഴിക്കണം.
3. കർകിടചേന കട്ടിട്ടെങ്കിലും തിന്നണം.
4. മീനത്തിൽ മഴപെയ്താൽ മീനിനും ഇര.
5. കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും വിള.
6. മേടം തെറ്റിയാൽ മോടൻ തെറ്റി.
7. വെയിലും മഴയും കുറുക്കന്റെ കല്ല്യാണം.
8. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞുപോകും.
9. തുലാപത്ത് കഴിഞ്ഞാൽ പിലാപ്പൊത്തിലും കിടക്കാം.
10. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.

_അലന്യ ബി. ജോൺ

# കുഞ്ഞുണ്ണി മാഷിന്റെ ചില ചിന്താവിഷയങ്ങൾ







തന്നെ താൻ അറിയണം
തന്നത്താൻ അറിയണം
#കുഞ്ഞുണ്ണി


സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ....
#കുഞ്ഞുണ്ണി

**-അൽജിൻ ജോർജ്**

# മോഹിനിയാട്ടം



കേരളത്തിന്റെ സ്വന്തം നൃത്തരീതിയാണ് മോഹിനിയാട്ടം . നങ്ങ്യാർകൂത്ത് , കൂടിയാട്ടം , കഥകളി എന്നിവയുമാ14 യി ബന്ധമുള്ള ഉടുത്തുകെട്ടാണ് മോഹിനിയാട്ടത്തിന്റേത്. ചുവടുകളേക്കാൾ മുദ്രകൾക്കും മുഖാഭിനയത്തിനുമാണ് പ്രാധാന്യം. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ , കലാമണ്ഡലം സത്യഭാമ , കലാമണ്ഡലം ക്ഷേമാവതി തുടങ്ങിയവർ ഈ രംഗത്തെ പ്രശ്സത കലാകാരികളാണ്. ഭരതനാട്യവുമായി ബന്ധമുള്ള മോഹിനിയാട്ടത്തിൽ ലാസ്യഭാവത്തിനാണ് പ്രാധാന്യം .

**അഞ്ജന സജീവ്**

# മഴമുകിലേ, വരൂ......

കരിമുകിലേ, മഴമുകിലേ,
കുളിർചൊരിയാൻ വരുമുകിലേ,
വേനലിലിലീദ്ധരമുഴുവൻ
വെന്തുരുകിക്കഴിയുമ്പോൾ
തടിനികളും കിണറുകളും
താപത്താൽ വരളുമ്പോൾ
മാമഴതൻ മലർചൊരിയാൻ
മഴമുകിലേ ,വരൂ വേഗം !



Anphy Antony
9A

# ഉറൂബ്



(1915-1979)

മലപ്പുറം ജില്ലയിലെ  പൊന്നാനിയില് ജനനം
കേരള സാഹിത്യ അകാദമി  അധ്യക്ഷനായിരുന്നു.
കേരള സാഹിത്വ അകാദമി ബഹുമതി ലഭിച്ചു.
ഉമ്മാച്ചു,അമ്മിണി,- മിണ്ടാപ്പെണ്ണ്,അണിയറ ,
മൗലവിയും ചങ്ങാതിമാരും,-ഗോപലൻനായരുടെ-
താടി, രാച്ചിയമ്മ  തുടങ്ങിയവ മുഖ്യ- കൃതി 1979-ല്ല
അദേധഹം മരിച്ചു

-

***<u>( ആൻഷിൻ)</u>***

തണൽ

# ആദ്യത്തെ പത്തുപേര്

## നീളത്തിൻറെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന ആദ്യത്തെ പത്തു നദികളും അവ ഒഴുക്കുന്ന ജില്ലകളും

| | | |
|---|---|---|
| പെരിയാർ | 244 കി.മി | ഇടുക്കി-എറണാകുളം |
| ഭാരതപ്പുഴ | 209 കി.മി | പാലക്കാട്-തൃശ്ശൂർ-മലപ്പുറം |
| പമ്പ | 176 കി.മി | ഇടുക്കി-പത്തനംതിട്ട-ആലപ്പുഴ |
| ചാലിയാർ | 169 കി.മി | മലപ്പുറം-കോഴിക്കോട് |
| ചാലക്കുടിപ്പുഴ | 130 കി.മി | പാലക്കാട്-തൃശ്ശൂർ-എറണാക്കുളം |
| കടലുണ്ടിപ്പുഴ | 130 കി.മി | പാലക്കാട്-മലപ്പുറം |
| അച്ചൻകോവിലാർ | 128 കി.മി | കൊല്ലം-പത്തനംതിട്ട-ആലപ്പുഴ |
| കല്ലടയാർ | 121 കി.മി | കൊല്ലം-പത്തനംതിട്ട |
| മൂവ്വാറ്റുപുഴയാർ | 121 കി.മി | ഇടുക്കി-എറണാക്കുളം-കോട്ടയം-ആലപ്പുഴ |
| വളപട്ടണം പുഴ | 110 കി.മി | കണ്ണൂർ |




-അശ്വജിത്ത് രാജ്

# വൈക്കം മുഹമ്മദ് ബഷീർ

***(1908-1994)***

*മലയാളസാഹിത്യരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് ബഷീർ.മലയാള ചെറുകഥയെയും നോവലിനെയും പുതിയ ദിശയിലേക്കു നയിച്ച ഇദ്ദേഹം വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908 ജനുവരി 19-ന് ജനിച്ചു.*

*വിവിധ ശാഖകളിലായി മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ബഷീറിൻെറ 'ബാല്യകാലസഖി ' തുടങ്ങിയ  ലഘുനോവലുകൾ പെട്ടന്ന് ജനപ്രീതിയാർജ്ജിച്ചു. 'പാത്തുമ്മയുടെ ആട്',' ബാല്യകാലസഖി',' ൻെറുപ്പുപ്പാക്കൊരാനേണ്ടാർന്നു, ശബ്ദങ്ങൾ എന്നീ നോവലുകൾ മലയാള സാഹിത്യത്തിൽ ഏറെ ചലനങ്ങൾ സൃശ്ടിച്ചു. സ്വയം ഒരു ഇതിഹാസപുരുഷനായി  മാറിയ ബഷീർ തൻെറ ചില നോവലുകളിലെ കഥാപാത്രങ്ങളെപ്പോലെ അനശ്വരമാക്കി . മലയാളഭാഷയ്ക്ക് സ്വന്തമായ ചില വാക്കുകളും ശൈലികളും സംഭാവന ചെയ്യിച്ചട്ടുണ്ട് ഇദ്ദേഹം . കാവ്യാത്മകത തുളുമ്പുന്ന അനുകരണീയമായ വർത്തമാനഭാഷയാണ് അദ്ദേഹം രചനയ്ക്ക് ഉപയോഗിച്ചത്.*



*ബഷീറിൻെറ പ്രധാനകൃതികൾ ഇംഗ്ലീഷ് , ഫ്രഞ്ച് ; ജർമൻ തുടങ്ങിയ വിദേശഭാഷകളിലേക്കും വിവിധ ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജമചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

*കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് , സ്വാതന്ത്ര്യ സമരഭടനുള്ള താമ്രപത്രം, കേരള സാഹിത്യ അക്കാദമീ ഫെലോഷിപ്പ് ,  പത്മശ്രീ , കാലിക്കറ്റ് സർവ്വകലാശാലയുടേ ഡോക്ടർ ഓഫ് ലെറ്റേഴ്സ്  , ലളിതാംബിക അന്തർജനം അവാർഡ് , മുട്ടത്തുവർക്കി അവാർഡ് , വള്ളത്തോൾ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ബഷീറിന് ലഭിച്ചിട്ടുണ്ട്.മലയാള സാഹിത്യത്തിൽ സ്വന്തമായ ഒരു ശൈലി വെട്ടിത്തെളിച്ച ഈ അതികായകൻ 1994 ജൂലൈ 5-ന് അന്തരിച്ചു...*

- Nikhil C.M and Avoon

# ചെണ്ട

കേരളത്തിലെ തനതുവാദ്യമായ ചെണ്ട ഒരു
അസുരവാദ്യമാണ്.
കഥകളി, കൂടിയാട്ടം
എന്നീ രംഗകലകളിലെ
പ്രധാന
പശ്ചാത്തലവാദ്യം.
പഞ്ചവാദ്യത്തിലെയും
പ്രധാനവാദ്യം
ചെണ്ടയാണ്.
പ്ലാവിൻതടിയിൽ
വീപ്പയുടെ ആകൃതിയിൽ



നിർമ്മിച്ചിട്ടുള്ള ചെണ്ടയുടെ ഉൾഭാഗം പൊള്ളയാണ്.
രണ്ടുവശവും പശുക്കിടാവിൻെറ തോലുകൊണ്ട്
ആവരണം ചെയ്യുന്നു. തോളിൽ തൂക്കിയിട്ട് രണ്ടു
കൈകളും കോൽപിടിച്ച് ഒരുവശത്തുമാത്രം കൊട്ടുന്നു.
ഉരുട്ടുചെണ്ട, വീക്കൻചെണ്ട എന്നിങ്ങനെ പലതരം
ചെണ്ടകളുമുണ്ട്.

_സാറ ഫ്രീജിയ

# *വീണ*



*തന്ത്രവാദ്യങ്ങളിൽ ഏറ്റവും പ്രധാനമാണ് വീണ. ശ്രുതി, രാഗം, താളം എന്നീ മൂന്നു സംഗീതഘടങ്ങളും വീണയിൽ ആവിഷ്കരിക്കാൻ കഴിയും. പ്ലാവിൻതടിയിൽ 30 സെൻറ്റിമീറ്റർ വ്യാസത്തിൽ ഒറ്റത്തടിയിലാണ് വീണ നിർമ്മിക്കുന്നത്. ചെറിയകുടം ചുരയ്ക്ക തുരന്ന് പാകപ്പെടുത്തിയെടുത്താണ്. ചമ്രം പടഞ്ഞിരുന്ന് പ്രധാനകുടം നിലത്തുറപ്പിച്ച് ചുരയ്ക്കാകുടം ഇടതുകാൽ വച്ചാണ് വീണ വായിക്കുന്നത്.*

*_സാറ ഫ്രീജിയ*

# തോരാതെ പെയ്യുന്ന മഴ



മഴയൊന്നു പെയ്യും
പുഴയൊന്നു നിറയും
കടലൊന്നു പിണങ്ങും
കുടിലൊന്നു കരയും
മഴപോലെ പെയ്യും
പുഴപോലെ നിറയും
കടൽ  വീണ്ടും പിണങ്ങും
കടൽ  വീണ്ടും കരയും
മഴ വീണ്ടും പെയ്യും
പുഴ വീണ്ടും നിറയും

ജോവിറ്റ.കെ.ജെ 9F


# മഞ്ഞ് മൂടിയ നിലവ്



കൊട്ടും മഞ്ഞിൽ  തണുത്ത് വിറച്ച്
നിൽക്കും
പൂവേ നിന്നെ കാണൻ എന്തു രസം
മഞ്ഞിനെ പൊഴിക്കും ആകാശമെ-
നിന്നെ കാണാൻ എന്തു ഭംഗി

ചിറക്  അടിച്ച് പറക്കും
പക്ഷിയെ നീ ചിറക് അടിക്കു-
ന്നത് കാണാൻ എന്തു ഭംഗി


മനസ്സിൽ വെൺമ നിറഞ്ഞ മഞ്ഞെ



കുളിരിൻ വെഞ്ഞമ നിറഞ്ഞ മഞ്ഞെ
എൻ മനസ്സിൽ നിൻ ഓർമ്മകൾ  മാത്രം

***ജോവിറ്റ. കെ. ജെ 9F***

# പൂവിന്റെ ഇതള്



പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല്വ വന്നു വിളിച്ചാൽ
പോവല്ലേ
പുലരി പുതു മഴയിൽ  ഇതളു
പൊഴിയ്ക്കല്ലേ

ഒരിതളും നീ പൊഴിയ്ക്കല്ലേ
പുതു മണ്ണിനു ചൂടാനൊരു
പൂവിതളും നല്കല്ലേ
പൂവേ നീ കൊഴിയല്ലേ
മഴ ഇതാ വരുന്നു
പൂവേ നീ പൊകരുതെ
എന്നും രാവിലെ
നിന്നെ കണികണ്ടുണരാൻ
പൂവെ നീ പൊവരുതെ



ജോവിറ്റ.കെ.ജെ
9F

# മഴ



ജീവിതം മൊട്ടിട്ടുയർന്നാർത്തു
പൊരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയോളിക്കും
കാശതുമ്പകൾ അല്ലോ നമ്മൾ
മഴ വരും നേരമാർത്തു വിളിച്ചത്
നനഞ്ഞ് ജോരെൻ ബാല്യം
ഒക്കെകണ്ടൊരു ചിരിയർന്നു നിൽക്കുമെന്ന്
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാടു സല്ക്കരിച്ചിരുന്നു.

ജോവിറ്റ.കെ.ജെ

# അടൂർ ഗോപലകൃഷ്ണ്ൻ

1941-ല് അടൂരില്ജനനം
പതിനൊന്ന്കഥാചിത്രങ്ങളും
മുപ്പതിലേറെ ഹ്രസ്വ ചിത്രങ്ങളും
സംവിധാനം
ചെയ്തു.നിരവധി
ദേശിയ
-അന്തർദേശിയ
ബഹുമതി ലഭിച്ചു.



മികച്ച സിനിമയ്ക്കുള്ള അവർഡ് 6 തവണ
ലഭിച്ചു. സിനിമയുടെ ലോകം,സിനിമനുഭവം,
സിനിമസാഹിത്യം,ജിവിതം സിനിമസ
സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.

(-ലിനോയ്)

# പുഴയൊഴുകുന്നു

കരയൊട്ടു കോപിച്ചെന്നകണക്കേ
നുരയും പതയും ചിന്നി
മലകളിൽനിന്നും
മാന്തിയെടുത്തൊരു
ചെളിയാൽ നീരു കലക്കി
അകലത്തലറും കടലിനും
നേരെ
അടരാടാനെന്നോണം !
ചുഴിയുമൊഴുക്കും
കൈവശമുള്ളൊരു
പുഴയൊഴുകുന്നു വേഗം !
വേനൽക്കാലത്തിവളൊരു പാവം
മാതിരിയാണു നടത്തം ;
വർഷം വന്നാലുടനേയിവളുടെ
വേഷം മാറുകയായീ !
നാടുകൾ തമ്മിൽ കൂട്ടിയിണക്കും
നല്ലൊരു ചങ്ങലപോലെ
ആദിയുമന്തവുമില്ലാതൊഴുകും
ജീവിതമെന്നതുപോലെ !
നിൽക്കാതൊഴുകീടുന്നു പുഴയൊരുരക്തഞരമ്പു കണക്കേ !



Liya mary 9A

# മഴകവിതകൾ

ഇടവപ്പാതിപ്പാതിരയാ-
ണിടിയും മഴയും പൊടിപൂരം
പൂരമുറ്റത്തെപ്പൂളിമാവിൻ മേ-
ലൊരുഗന്ധർവ്വൻ പാടുന്നു.
അറബിക്കടലിൻ മുറുക്കം
ളാരോമീട്ടുവതോടൊപ്പം
- (ഇടശ്ശേരി)

അമ്മേ,വരൂ വരൂ വൈക്കം വെളിയിലേ-
യ്ക്കല്ലെങ്കിലിമ്മഴതോർന്നുപോമേ;
എന്തൊരാഹ്ലാദമാ മുറ്റത്തടിയ്ക്കടി-
പൊന്തുന്ന വെള്ളത്തിൽ തത്തിച്ചാടാൻ
- (ബാലാമണിയമ്മ)

തുള്ളിപ്പാഞ്ഞു വരുന്ന മഴ തുള്ളിക്കൊരു കുടമെന്നമഴ
കൊള്ളാം ഇമ്മഴ കൊള്ളരുതിമ്മഴ
കൊള്ളാം കൊള്ളാം പെയ്യട്ടെ
-(കുഞ്ഞുണ്ണി മാഷ്)

milan antony

# മുറ്റത്തെ ചെപ്പ്



മുറ്റത്തുണ്ടൊരു ചെപ്പ്
മൂടാനില്ലൊരടപ്പ്
കല്ലുപതിചൊരു ചെപ്പ്
കണ്ടാൽ നല്ലൊരു ചെപ്പ്
വെള്ളം കിനിയും ചെപ്പ്
മുറ്റത്തെ ചെപ്പ്

Nora Gorden 9C

# പേരെന്ത്?

ആയിരമിതളുള്ള പൂവാണ്
ആകാശത്തിലെ പൂവാണ്

ആഴിപ്പരപ്പിലെ പൂവാണ്
ആരും കൊതിക്കുന്ന
പൂവാണ്



അപ്പൂവിൻ നിറമെന്താണ്
അപ്പൂവിൻ മണമെന്താണ്

അപ്പൂവിൻ ഗുണമെന്താണ്
അപ്പൂവിൻ പേരെന്താണ്?

Ann Mary Sameera 9A

| മലയാളത്തിലെ പ്രസിദ്ധമായ ആത്മകഥകൾ | |
|---|---|
| കവിയുടെ കാൽപ്പാടുകൾ | പി. കുഞ്ഞിരാമൻ |
| കണ്ണീരും കിനാവും | വി.ടി ഭട്ടതിരിപ്പാട് |
| എന്നിലൂടെ | കുഞ്ഞുണ്ണി |
| അരങ്ങു കാണാത്ത നടൻ | തിക്കോടിയൻ |
| കൊഴിഞ്ഞ ഇലകൾ | മുണ്ടശ്ശേരി |

Nora 9 c

# പടയണിയിലെ കോലങ്ങൾ

## മറുതക്കോലം

ഒരു
ദുർദേവതയാണ്
മറുത.
കോലംതുള്ളലിലും
പട
യണിയിലുമെല്ലാം
മറുതക്കോലം
തുള്ളാറുണ്ട്.



***angel***

തണൽ

# മാടൻകോലം

ഭീകരരൂപിയായ ദുർദേവതയാണ് മാടൻ.



മാടൻെറ പ്രീതിയാണ് പടയണിയിൽ കോലം കെട്ടി തുള്ളുന്നു.

# കാലൻകോലം

പടയണിക്കോലങ്ങളിൽ ഭീകരത തോന്നിപ്പിക്കുന്ന ഒന്നാണ് കാലൻകോലം. മാർക്കണ്ഡേയനെ



ശിവൻ കാലന്റെ കൈയിൽ നിന്നും രക്ഷിച്ച കഥയാണ് ഇതിന്റെ ഇതിവൃത്തം.

## ഭൈരവിക്കോലം



കോപിഷ്ഠയായ കാളിതന്നെയാണ് ഭൈരവി. കാളിപ്രീതിക്കായി പടയണിയിൽ ഭൈരവിക്കോലം *കെട്ടിയാടുന്നു.*

***എയിൻജൽ***

# കേരളത്തിലെ അനുഷ്ഠാന നാടകങ്ങൾ

*പടയണിപോലെ നാടഭാവമുള്ള ഒരുപിടി കലകൾ കേരളത്തിലുണ്ട്,മുടിയേറ്റ്, തെയ്യം എന്നിവ അനുഷ്ഠാനനാടകങ്ങൾക്ക് ഉദാഹരണമാണ്. കാക്കാരിശി നാടകം*

*നാടോടി നാടകവും*

***തെയ്യം***




*ഉത്തരകേരളത്തിലെ ഒരു അനഷ്ഠാനനർത്തനകല ദേവി ദേവന്മാരെയും യക്ഷഗന്ധർവാദി കളെ ഭൂതങ്ങളെയും നാഗങ്ങളെയും മൃതിയടഞ്ഞ കാരണവന്മാരെയും കോലസൊരൂപമായി കെട്ടിയാ ടിച്ച് ആരാധിക്കുകയാണ് .*

# വിശപ്പ്

ഞാനൊരു
പുഴുവാണെന്നാലും
എനിക്കുമില്ലേ
പൈതാഹം
പിറന്ന മണ്ണിതു
മക്കൾക്കായ്



തരുന്നതല്ലേ ആഹാരം
പഴുത്തു ചീയും വസ്തുക്കൾ
പുഴുക്കൾ തിന്നില്ലെന്നാകിൽ
അഴുക്കടിഞ്ഞീ മണ്ണെല്ലാം
നശിച്ചിടില്ലേ മുത്തച്ഛാ......!

-അമല ജോസി

# ജി.ശങ്കരക്കുറിപ്പ്



എറണാകുളം കാലടിക്കടുത്തുള്ള നായത്തോട് എന്ന സ്ഥലത്തു ജനിച്ചു . ആദ്യജ്ഞാനപീഠ ജേതാവ്. ഓടക്കുഴൽ ,സാഹിത്യ കൗതുകം(4 ഭാഗങ്ങൾ ),വിശ്വദർശനം, അന്തർദാഹം,പഥികന്റെ പാട്ട്,പാഥേയം( കവിതാസമാഹാരങ്ങൾ),ഗീതാഞ്ജലി, വിലാസല ഹരി (വിവർത്തനങ്ങൾ),സന്ധ്യ,ഇരുട്ടിനു മുന്പ് (നാടകങ്ങൾ) തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്,കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ്-നെഹറു അവാർഡ്, പദ്മഭൂഷൺ എന്നിങ്ങനെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

-ആമല ജോസി

# നാരായൻ

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെടുന്ന കുടയത്തൂരിൽ 1940 സപ്തംബർ 26 ന് ജനിച്ചു. 'കൊച്ചരേത്തി' യാണ് ആദ്യ നോവൽ. ഊരാളിക്കുടി, വന്നല, ആരാണ് തോൽക്കുന്നവർ, കഥകൾ - നാരായൻ എന്നിവയാണ് പ്രധാന കൃതികൾ. ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ.

*'കൊച്ചരേത്തി'ക്ക കേരള സാഹിത്യ അക്കാദമി അവാർഡ ലഭിച്ചിട്ടുണ്ട്*

*-ameya*

## കെ.ദാമോദരൻ(1900-1964)



*പ്രമുഖപത്രപ്രവർത്തകനുംഎഴുത്തുകാരനുമായിരുന്നു. മയ്യനാടാണ് ജന്മസ്ഥലം. ശ്രീനാരായണഗുരുവിന്റെ ജീവചരിത്രത്തിനു പുറമെ ഇന്ദിര, ഓമന തുടങ്ങി ചില നോവലുകളും ഓർമ്മകൾക്കപ്പുറത്ത്എന്നകഥസമാഹരവും രചിച്ചിട്ടുണ്ട്*

-chriteena


# കൊമ്പനാന



കരിമ്പാറപോലെ
വണ്ണം,
കരിക്കട്ടപോലെ
വർണ്ണം
മുറംപോലെ ചെവികൾ,ചൂണ്ട-
പ്പനപോലെ നാലു കാലും,
മൂക്കങ്ങ നീണ്ടുനീണ്ടു തുമ്പി-
ക്കയ്യായി നിലംതൊട്ടു
തലയാട്ടിക്കൊമ്പിളക്കി
വരുന്നുണ്ടൊരു കൊമ്പനാന !

-Antoniette figeredo *9B*

# പയർ ചെടിയും റൈസോബിയവും



പയർവർഗത്തിൽപെട്ട ചെടികളുടെ വേരിലെ മുഴകളിൽ വസിക്കുന്ന ബാക്ടീരിയയാണ് റൈ-സോബിയം അന്തരീക്ഷത്തിലെ നൈട്രജൻ ഉപയോഗിച്ച റൈസോബിയം പയർ ചെടിയുടെ വളർച്ചയ്ക്കാവശ്യമായ നൈട്രേറ്റ് ലവണങ്ങൾ ലഭ്യമാക്കുന്നു പകരം സൂക്ഷ്മ ജിവിക്ക് വാസ്ഥലവും ലഭിക്കുന്നു



# <u>ഉറുമ്പുകളും അഫിഡുകളും</u>

പയർ ചെടികളിലും മറ്റും ചെള്ളുപോലെ പറ്റിപ്പിടിച്ചിരിക്കുന്ന കറുത്ത പ്രാണികളാണ് അഫിഡുക്കൾ. ഉറുമ്പുകൾ പലപ്പോഴും അഫിഡുകളെ സ്വന്തം കൂട്ടിൽ വളർത്തി അവയ് ഭക്ഷണവും സംരക്ഷണവും നൽകുന്നു. അഫിഡുകളും **<u>ശരിരത്തിൽ നിന്ന് ഊറിവരുന്ന സ്രവം ഉറുമ്പുകൾ ഭക്ഷിക്കുന്നു.</u>**

**-<u>ലിമിൻ 9D</u>**

# അപ്പുണ്ണി

ആനപ്പുറത്തിരുന്നപ്പുണ്ണി
ആലവട്ടങ്ങൾ വീശുന്നു

ആലവട്ടങ്ങൾ വീശി വീശി
ആലോലമാലോലം നീങ്ങുന്നു

ആർപ്പുവിളികളുമാരവവും
ആർത്തലച്ചായിരം നോക്കിനില്ക്കേ

ആനപ്പുറത്തിരുന്നപ്പുണ്ണിയാഹാ
ആനയെക്കാളും വളർന്നപ്പോൾ

ആനയിടഞ്ഞു കുലുങ്ങിയപ്പോൾ
ആഹാ അപ്പുണ്ണി താഴെയല്ലോ.......

**-അഞ്ചിത എൻ.ആർ**

# മണ്ണ്



മണ്ണു വളർന്നൊരു കുന്നായി
കുന്നു വളർന്നൊരു മലയായി

മലയൊരു പർവ്വതനിരയായി
പർവ്വതമോ  കൊടുമുടിയായി

കൊടുമുടി വാഴ്വതു മണ്ണിൻ തലയിൽ
കൊടുമുടി നില്പതു മണ്ണിൻ മടിയിൽ

മണ്ണു പിണങ്ങി കലഹിച്ചെന്നാൽ
കൊടുമുടി പൊടിയും പപ്പടമാകും!

ചവുട്ടി നിൽക്കും മണ്ണിനെ നമ്മൾ
നമിക്കവേണം ചങ്ങാതികളെ

<u>**–നമിത സുരേഷ്**</u>

# കേരളം

വടക്കു നിന്നൊരു രാമൻ തെക്കോ-
ട്ടെറിഞ്ഞു പണ്ടൊരു കോടാലി

പരന്ന കടലിന്ന മേലേക്കൂടി
പരുന്തു പോലതു പറന്നുപോയി

ഒത്തിരിദൂരം പറന്നുചെന്നത്
കുത്തിയിരുന്നൊരു മൂലയ്ക്ക്



ദാഹം  തീർക്കാനക്കടലെല്ലാം
കുടിച്ചു തീർത്തു കോടാലി.

വെള്ളം വറ്റി കരയായപ്പോൾ
കരയിലൊരായിരമാളായി

ആയിരമങ്ങനെ ലക്ഷവുമായി
ലക്ഷം പിന്നെ കോടികളായി

വീടുകളായി നാടുകളായി
അങ്ങനെ നമ്മുടെ കേരളമായി

നമിത സുരേഷ്

# നിത്യചൈതന്യയതി (1924-1999)

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു.
മനശ്ശാസ്ത്രം ജീവിതത്തിൽ,യതിചര്യ,മൂല്യ-
ങ്ങളുടെ കുഴമറിച്ചിൽ,നളനി എന്ന കാവ്യ
ശിൽപ്പം,സമ്യക്കായ ലോകവിക്ഷണം,എ
ന്റെ മനസ്സിലെ ഗാന്ധി,സ്നേഹവും ഭക്തി
യും തുടങ്ങി നൂറിലേറെ മലയാളകൃതികൾ
രചിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമി
അവാർഡ് ലഭിച്ചു.......

നോറ ഗോർഡൻ

# തുടിതാളം തേടി



നമ്മുടെ മാതാവു - കൈരളി - പാരു
പൊന്മണിപ്പൈതലായ് വാണകാലം -
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചോൽച്ചില  കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ
പാടിയിരുന്ന പഴഫപ്പാട്ടുകൾ
പാൽക്കുഴല്ലോ ചെകിട്ടിനെല്ലാം

സിയോണ

# ഉണർവിൻ പാതയിൽ

"ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം!
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുറിയൊരളുക്കുകൾ മാത്രം!
ഇതെന്തപൂർണതയെന്നറിയുന്പഴമീയസ്വസ്ഥ!
അക്കഥ പറയാൻ വാക്കുകൾ തേടി,
അക്കൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി
സർഗസപര്യയിൽ മുഴുകുമൊരസ്വസ്ഥതയിൽ
ഞാനെൻ സ്വസ്ഥത തേടുന്നു!"

-സിയോണ

# മഴ



കടലുപെറ്റൊരു പൊൻ മക്ക
കറുത്ത മേഘം കുഞ്ഞുങ്ങൾ
കളിച്ചുതുള്ളി കൂത്താടി
കലപിലകൂട്ടി കളിയാടി
ആർപ്പുവിളിച്ചിട്ടെത്തുന്നു
ആകാശത്തിൽ നടവഴിയിൽ
ഉല്ലാസത്തൊട്ടു നീക്കുന്നു
മുന്നോട്ടേക്കു കുതിക്കുന്നു
കുതിച്ചുപായും കുട്ടിക്കളെ

സോന

# കടപ്പാട്

**ഈ ഡിജിറ്റൽ മാസിക യാഥാർത്ഥ്യമാക്കിയ സെൻെറ് പീറ്റേഴ്സ് സ്കൂളിലെ എല്ലാ "ലിറ്റിൽ കൈറ്റ്സ് " അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ സാബു സാറിനും, ഓസ്റ്റിൻ സാറിനും, ലിറ്റി ടീച്ചറിനും നന്ദി പറഞ്ഞുകൊള്ളുന്നു .**

-എഡിറ്റർ
മിലൻ ആൻറ്റണി